8 -ാം വർഷം

2024 ജനുവരി 19

ദനഹാ മൂന്നാം ഞായർ

Laity Reflect on
**SYRO-MALABAR SUNDAY MASS**
**SCRIPTURE READINGS**



# നിത്യതയിലേക്കുള്ള നിണവഴി

ഏശയ്യ 45:18-46:4, ഹെബ്രായർ 4:1-10, യോഹന്നാൻ 1:29-34 (29-42)

'ഞാൻ ബലിയാടായി തുടരുക തന്നെ ചെയ്യും, മറ്റൊരാൾ അതാകുന്നത് വരെ'- അയ്യപ്പൻ

മറ്റൊരു പ്രാർത്ഥനയ്ക്കും അവകാശപ്പെടാനില്ലാത്ത വിധം മനുഷ്യർ നെഞ്ചത്തടിച്ചു പ്രത്യുത്തരിക്കുന്ന ഒന്നാണ്, ലുത്തിനിയയ്ക്കൊടുവിലെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ, എന്ന പ്രാർത്ഥന. അത്രമാത്രം ജീവിതത്തിൽ ആഴത്തിൽ പതിയേണ്ടതും പ്രകമ്പനം സൃഷ്ടിക്കേണ്ടതുമായ ഒരു പദപ്രയോഗമാണ് ദൈവത്തിന്റെ കുഞ്ഞാട് എന്നത്. മാനവരാശിയുടെ ദൈവീകപദ്ധതിയിലെ ഏറ്റവും മുഴക്കമുള്ള സ്വരം.

എവിടെയാണ് ബലിമൃഗം എന്ന ഉത്പത്തിയിലെ ചോദ്യത്തിന്റെ ഉത്തരമാണ് ദൈവത്തിന്റെ കുഞ്ഞാടെന്ന വിശേഷണം. സ്നാപകനാണ് യേശുവിനെ അപ്രകാരം അഭിസംബോധന ചെയ്യുന്നത്. പണ്ടൊരിക്കൽ, ഉദരത്തിൽ വച്ചു കുഞ്ഞാടിനെ തിരിച്ചറിഞ്ഞതും കുതിച്ചു ചാടിയതും അവൻ തന്നെ. പുണ്യം പുണ്യത്തെ തിരിച്ചറിയുന്നതും പ്രഘോഷിക്കുന്നതുമായ രണ്ടു സന്ദർഭങ്ങൾ. എന്നെ അയച്ചവൻ നൽകിയ അടയാളങ്ങളിൽ നിന്നാണ് ഞാൻ ക്രിസ്തുവിനെ മനസിലാക്കിയതെന്നാണ് സ്നാപകന്റെ എളിമയാർന്ന അവകാശവാദം. മരുഭൂമിയുടെ ഏകാന്തതയിൽ മോശയെ പോലെ ദൈവത്തോടു മുഖാഭിമുഖം സംസാരിക്കാനും അവിടുത്തെ ഹൃദയരഹസ്യങ്ങളും രക്ഷയുടെ അടയാളങ്ങളും കൃത്യമായി മനസിലാക്കിയെടുക്കാനും യോഹന്നാന് കഴിഞ്ഞിരുന്നുവെന്നു സാരം.

ഏതൊരു സാക്ഷ്യത്തിനും പ്രഘോഷണത്തിനും പിന്നിൽ അത്തരമൊരു നിശബ്ദതയുടെയും ധ്യാനത്തിന്റെയും നിമിഷങ്ങളുണ്ടാകണം. അപ്പോഴാണ് സാക്ഷ്യങ്ങൾ അവസാനത്തോളം പ്രാധാന്യവും



**വിജയ് പി. ജോയി**

നൈരന്തര്യവും അവകാശപ്പെടാവുന്ന സത്യങ്ങളായി മാറുകയുള്ളൂ. നോക്കൂ, സ്നാപകന്റെ ശിഷ്യനായ അന്ത്രയോസിലേക്കും അവന്റെ സഹോദരൻ പത്രോസിലേക്കും, പിന്നീടങ്ങോട് കോടിക്കണക്കിനു മനുഷ്യരിലേക്കും കുഞ്ഞാടിന്റെ വിശേഷങ്ങൾ പങ്കുവയ്ക്കപ്പെടുന്നു.

'കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതു പോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടാണ് നാം വീണ്ടെടുക്കപ്പെടുന്നത്' - 1പത്രോസ്1:19

## നിയോഗത്തിലേക്കുള്ള ചൂണ്ടുമൊഴി

ദൈവത്തിന്റെ കുഞ്ഞാട് എന്നതാണ് യേശുവിനു ലഭിച്ച ഏറ്റവും വേദനാജനകമായ വാഴ്ത്ത്. ദൈവീക വെളിപാടിന്റെ ഏറ്റുപറച്ചിലായിരുന്നു സ്നാപകന്റെ ആ വാക്കുകളെങ്കിലും നീ ക്രിസ്തുവാണെന്ന് സാക്ഷ്യപ്പെടുത്തിയ പത്രോസിനു നൽകിയതുപോലുള്ള പ്രശംസയൊന്നും യേശു സ്നാപകനിലേക്കു ചൊരിയുന്നില്ല. കാരണം, പത്രോസിന്റേത് മഹത്വത്തിന്റെ ശീതളിമ പകരുന്ന പ്രകീർത്തനമാണെങ്കിൽ, സ്നാപകന്റേത് ഉള്ളുലയ്ക്കുന്ന ഓർമ്മപ്പെടുത്തലാണ്. ബലിയുടെ ജീവിതമാണ് നിന്റേത്, ഇനിയങ്ങോട്ട് രക്തസാക്ഷിയുടെ കരളുറപ്പും ത്യാഗസന്നദ്ധതയും നീ പുലർത്തേണ്ടതുണ്ടെന്നാണ് സ്നാപകൻ പറയാതെ പറയുന്നത്.

മറ്റു ദൈവസങ്കല്പങ്ങളെല്ലാം പാപികളെ നിഷ്ക്കരുണം നിഗ്രഹിക്കാനാണ് അവതാരമെടുത്തതെങ്കിൽ ക്രിസ്തുവിന്റേത് അതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. സ്വയം പരിത്യാഗത്തിന്റെ, പാപികളുടെ വീണ്ടെടുപ്പിന്റെ പുതിയ ഒരു മാതൃകയും ചരിത്രവും സൃഷ്ടിക്കുക എന്നതായിരുന്നു അവന്റെ നിയോഗം. ആ കുരിശിന്റെ വഴിയിലേക്കാണ് സ്നാപകൻ വിരൽ ചൂണ്ടുന്നത്. സഹിക്കുന്ന ദൈവം എന്ന സത്യത്തെയാണ് അവൻ പരിചയപ്പെടുത്തുന്നത്. സഹനങ്ങളാണ് രക്ഷയുടെ മാർഗമെന്ന സൂചനയും, കുലീനമായി എങ്ങനെ സഹിക്കണം എന്ന ചോദ്യത്തിനുള്ള ഉത്തരവുമുണ്ട് ആ വാക്കുകളിൽ.

കുഞ്ഞാടെന്ന പ്രതീകം സ്വീകരിക്കുന്നതിലൂടെ നിസ്സഹായ മനുഷ്യരുടെ മാത്രമല്ല, ഒരു പിടച്ചിലിലൂടെ പോലും പ്രതികരിക്കാൻ ത്രാണിയില്ലാത്ത സൃഷ്ടവസ്തുക്കളുടെയെല്ലാം പ്രതിനിധിയും രക്ഷകനുമായി യേശു മാറുകയാണ്. അവന്റെ ബലിയോടെ ബലിമൃഗങ്ങളുടെ ചോര വീണു കറപുരണ്ട ബലിപീഠങ്ങൾ പുഷ്പാലംകൃതവും സുഗന്ധധൂപങ്ങളാൽ പൂരിതവുമായി.

'അസ്ത്രം തടഞ്ഞു പിടയുമ്പോൾ അവൻ വിളിച്ചു പറഞ്ഞു,

എന്റെ കൊക്കുകൾ കൊണ്ട് അനേകം വിത്തുകൾ ഞാൻ പാകിയിട്ടുണ്ട്.

അവ മുളച്ച് ഉയരുകയും, വിരിയാൻ പോകുന്ന കിളികൾക്ക് തണലായി മാറുകയും ചെയ്യും'- അഷ്ക്കർ

## നിർമമമായ ഒരു ചുവടുവയ്പ്

തന്റെ നിലപാടുകൾക്കും കണ്ടെത്തിയ സത്യങ്ങൾക്കും സ്വന്തം ജീവരക്തം കൊണ്ടു കൈയൊപ്പിട്ട ധീരാത്മാവായിരുന്നു സ്നാപക യോഹന്നാൻ. അവന്റെ കളമൊഴിയലും യേശുവിന്റെ അരങ്ങേറ്റവുമാണ് ദൈവത്തിന്റെ കുഞ്ഞാടെന്ന പരിചയപ്പെടുത്തൽ. സ്വന്തം ശിഷ്യരെപ്പോലും യോഹന്നാൻ യേശുവിനു വിട്ടുകൊടുക്കുകയാണ്.

നീ ആരാണെന്ന് പലരും യോഹന്നാനോട് ചോദിച്ചിട്ടുണ്ട്, മിശിഹായാണോ, ഏലിയായാണോ, പ്രവാചകനാണോ...കേട്ടറിഞ്ഞ മിശിഹാ സങ്കല്പത്തിലെ ലക്ഷണങ്ങൾ സ്നാപകനിൽ ഉണ്ടെന്നു പലരും കരുതുകയും ചെയ്തിരുന്നു. ഒരു പക്ഷേ, ഒരു ചെറിയ അവകാശവാദത്തിലൂടെ സുഖവും സ്തുതിയും സ്വന്തമാക്കാനുള്ള സാധ്യതയും സ്നാപകന്റെ മുമ്പിലുണ്ടായിരുന്നു.എന്നിട്ടും ഞാനല്ല മിശിഹാ, എന്നു പറഞ്ഞു അവൻ ഒരു ചുവടു പുറകോട്ടു മാറുന്നു. പിൻവലിയുക, വിട്ടു കളയുക, വധിക്കപ്പെടുക, എന്നതൊക്കെ പരാജയത്തിന്റെ അടയാളമായി കരുതുന്നിടത്ത്, അവയെ മഹത്വത്തിന്റെ അടയാളമായി കണ്ടു സ്നാപകൻ പിൻവാങ്ങുന്നതിനൊപ്പം, ഇവയെല്ലാം അവയുടെ പൂർണതയിൽ നിറവേറ്റാൻ തയ്യാറുള്ള മറ്റൊരുവനെ അവരുടെ മുമ്പിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

ഞങ്ങളാണ് ദൈവീക മനുഷ്യർ, ഞങ്ങൾ മാത്രമാണ് ദൈവീക വെളിപാടു കൾക്കു അവകാശികൾ എന്നു പറഞ്ഞ് അധികാരവും സ്വാർത്ഥമോഹങ്ങളും ലക്ഷ്യം വയ്ക്കുന്ന ഇന്നിന്റെ സീറോ മലബാർ സഭാനേതൃത്വത്തിന് യേശുവിനെയല്ല, സ്നാപകനെപ്പോലും പിൻചെല്ലാനാകുന്നില്ല എന്നതാണ് സത്യം. ഞങ്ങളല്ല, ക്രിസ്തുവും അവന്റെ നിലപാടുകളുമാണ് നിലനിൽക്കേണ്ടതും വിജയിക്കേണ്ടതും എന്ന് ഉറപ്പിക്കാൻ തക്ക വിശാലത സ്വന്തമല്ലാത്തതിനാൽ, മനുഷ്യർ ക്രിസ്തുവിലേക്കും അവന്റെ സഭയിലേക്കും എത്തുന്നതിനുള്ള വഴികളിൽ മതിലുകളാണ് അവർ പണിതുയർത്തുന്നത്. ഒന്നുറപ്പാണ്, നിസ്വാർത്ഥതയും നീതിബോധവുമില്ലാതെ, നിസ്സഹായ മനുഷ്യരെ നിഷ്ക്കാസനം ചെയ്യാനായി എടുക്കുന്ന തീരുമാനങ്ങളിലൂടെ, അവർ സ്വന്തമാക്കുന്നതെല്ലാം അക്കൽദാമകളായി മാറും.

'സ്വന്തം ഇച്ഛകളെ ബലി ചെയ്യാതെ ഒരാൾക്കും ഒരു ബലിമൃഗത്തെ രക്ഷിക്കാനാവില്ല. സ്വന്തം ഇരിപ്പിടങ്ങളെ അവഗണിക്കാതെ ഒരാൾക്കും നിഷ്കളങ്ക ജീവിതങ്ങളെ താങ്ങാനുമാകില്ല'- ബോബിയച്ചൻ

## നിനക്കൊപ്പം നടക്കുന്ന കുഞ്ഞാടുകൾ

ജീവിതയാത്രയിൽ നാം കണ്ടുമുട്ടുന്ന മനുഷ്യരുടെ സുകൃതങ്ങളെ തിരിച്ചറിയാൻ, ആനന്ദത്തോടെ അവയെ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കാൻ നീ തയ്യാറാണോ എന്നതാണ് സ്നാപകൻ ഉയർത്തുന്ന ചോദ്യം.

ഓരോ മനുഷ്യനും ദൈവത്തിന്റെ സ്വന്തമാണെന്നും, അവരിലൂടെ ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടുമെന്നുമുള്ള വെട്ടം കിട്ടിയാൽ, ചുറ്റുമുള്ളവരെ കുറേക്കൂടി ആദരവോടും കൃതജ്ഞതയോടും കൂടി സമീപിക്കാനാവും. എല്ലാവിധ സീമകളെയും വൈജാത്യങ്ങളേയും അതിലംഘിച്ചു കൊണ്ടു മനുഷ്യരുമായി ഇടപഴകുവാനും, അർത്ഥരഹിതമായ സോഷ്യൽ മീഡിയ വിനോദങ്ങൾക്കും വിവാദങ്ങൾക്കും ഇടയിൽ നിന്ന് ഇറങ്ങി വന്ന്, സാധാരണ മനുഷ്യരിലെ ഈശ്വരാംശത്തെ കണ്ടെത്താനുമുള്ള ചുവടുവയ്പുകളാണ് ഇനി ഉണ്ടാകേണ്ടത്. അത്,

കുഞ്ഞുങ്ങളിൽ സൃഷ്ടാവിനെ കണ്ടെത്തലാണ്, വിദ്യാർത്ഥികളിൽ ഗുരുവിനെ തേടലാണ്, പാവങ്ങളിൽ പടച്ചോനെ പരതലാണ്, അപരനിൽ അഗതീശ്വരനെ അന്വേഷിക്കലാണ്, ഇതരമതങ്ങളിലെ ഇഴയടുപ്പങ്ങളോടു ചേർന്നു നിൽക്കലാണ്, തൊഴിലാളികളിൽ ഉടയോനെ തിരയലാണ്, അമ്മായരിൽ അജപാലകരെ തിരിച്ചറിയലാണ്. ഇത് സാധ്യമാകുമ്പോൾ സ്ത്രീകളിൽ നിന്നും ജനിച്ച ശ്രേഷ്ഠരുടെ നിരയിൽ ഒരിടവും കുഞ്ഞാടിനായി പ്രതിഷ്ഠിക്കപ്പെട്ടവരെന്ന മഹത്വവും നമുക്കു സ്വന്തമാകും.

നിങ്ങളിലൊരുവൻ ക്രിസ്തുവാണെന്ന ആചാര്യമൊഴി ആശ്രമത്തിൽ ഉണ്ടാക്കിയ അത്ഭുതാവഹമായ അനുരണനങ്ങളെ കുറിക്കുന്ന കഥ ഈ അവസരത്തിൽ ഒന്നോർത്തെടുക്കുന്നത് ഉചിതമായിരിക്കും.

"വ്യക്തികളിലും സമൂഹങ്ങളിലും നിങ്ങൾ കണ്ടെത്തുന്ന ഓരോ നന്മയും നിങ്ങളെ ഈശ്വരനിലേക്ക് കൂടുതൽ അടുപ്പിക്കും. കാരണം, മനുഷ്യരിലെ നന്മകൾ ഈശ്വരന്റെ നിക്ഷേപങ്ങളാണ്"

## നീയുമൊരു കുഞ്ഞാടാകണം

ക്രിസ്തുവിനെക്കുറിച്ചുള്ള വിശേഷണങ്ങളും കഥകളും എന്ന രീതിയിൽ മാത്രമല്ല, സുവിശേഷത്തെ വായിച്ചെടുക്കേണ്ടത്. മറിച്ച് ക്രിസ്തുബോധത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ജീവിക്കേണ്ട ജീവിതവും എന്റെ സാധ്യതകളും എന്താണെന്ന കണ്ടെത്തൽ കൂടിയാകണം അത്. സ്നേഹവും സമർപ്പണവും സാഹസികതയും ഒന്നുചേരുന്ന രക്തസാക്ഷിയുടെ ജീവിതമാതൃകയാണ് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന വചനഭാഗം നമുക്കു മുമ്പിലായി തുറന്നു വയ്ക്കുന്നത്. ബലിയിൽ സംബന്ധിക്കുന്നവർ മാത്രമാകാതെ ബലിവസ്തുവായി രൂപാന്തരപ്പെടാൻ, എനിക്കൊരു ചെലവുമില്ലാത്ത ദഹനബലി ഞാൻ കർത്താവിന് അർപ്പിക്കുകയില്ലെന്ന വചനത്തിന് രക്തവും മാംസവും നൽകാൻ, അങ്ങനെ ക്രിസ്തുവിന്റെ നിണവഴിയിൽ അവനൊപ്പം നടക്കാനുള്ള നിയോഗവും ബാധ്യതയുമുണ്ട് നമ്മുടെ ശിരസ്സിനു മുകളിൽ.

രക്തസാക്ഷിത്വത്തിന്റെ വഴിയിൽ ആദ്യചുവടു വച്ച സ്റ്റീഫനിൽ തുടങ്ങി ജൊവാൻ ഓഫ് ആർക്ക്, തോമസ് മൂർ, കോൾബെ, ഓസ്കാർ റൊമേരോ, ജാക്വസ് ഹമേൽ, റാണി മരിയ, സി.വത്സല, സ്റ്റാൻ സ്വാമി എന്നിവരിലൂടെ നീണ്ടു പോകുന്ന വീരാത്മാക്കളുടെ പട്ടിക നമ്മുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളി ഇതാണ്, നിനക്കൊരു ബലിയാടായി മാറാനാകുമോ? ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെ എന്നപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു എന്നതിനർത്ഥവും രക്തസാക്ഷിത്വം തന്നെ. രക്തസാക്ഷികളുടെ സ്ഥാനം, സ്വർഗ്ഗത്തിലെ സിംഹാസന പീഠങ്ങളിലോ, അബ്രാഹത്തിന്റെ മടിയിലോ ആകാൻ തരമില്ല, പ്രത്യുത, ക്രിസ്തുവിന്റെ ചങ്കിനകത്തായിരിക്കും. കാരണം, തന്റെ തിരുഹൃദയത്തിൽ നിന്ന് ഒഴുകിയിറങ്ങുന്ന രക്തധാര മുറിയാതെ കാക്കുന്നത് അവ 'രക്തസാക്ഷിത്വം എന്നത് എന്നും ദൈവീക പദ്ധതിയുടെ ഭാഗമാണ്'- ടി.എസ്. എലിയട്ട്

തലമുറക്കൾക്കിപ്പുറവും നട്ടെല്ല് പണയം വയ്ക്കാത്ത മനുഷ്യരെ രൂപപ്പെടുത്തുന്ന കാറ്റലിസ്റ്റായി രക്തസാക്ഷികളുടെ ജീവിതങ്ങൾ മാറുന്നു എന്നത് ഒരു യാഥാർഥ്യമാണ്. വ്യവസ്ഥിതികളും സാഹചര്യങ്ങളും മാറിയിലെങ്കിലും കുഴപ്പമില്ലെന്നു കരുതി ജീവിക്കാമായിരുന്ന ഇടങ്ങളിൽ നിന്നാണ്, മാറ്റത്തിനായി ഇറങ്ങി തിരിച്ചു രക്തസാക്ഷികൾ മരണം വരിച്ചത്. ധനമന്ത്രി പദം ഉപേക്ഷിച്ച ചെഗുവേര, വക്കീൽ പണി വേണ്ടെന്നു വച്ച ഗാന്ധി, മെത്രാൻ പദവിയെ തൃണവത്ഗണിച്ച റൊമേരോ ഇവരൊക്കെ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കിറങ്ങിയ മനുഷ്യപുത്രന്റെ പിന്മുറക്കാർ തന്നെ. അത്തരം മനുഷ്യർക്ക് വംശനാശം സംഭവിച്ചിട്ടില്ലെന്നതിനു തെളിവാണ് എറണാകുളം അതിരൂപതാ ആസ്ഥാനത്തേക്ക് കടന്നു ചെന്ന്, കൊടിയ പീഡനങ്ങൾ ഏറ്റുവാങ്ങിയ 21 വൈദീകർ. അവനോടൊപ്പം നമുക്കും പോയി മരിക്കാം എന്നു പറഞ്ഞവന്റെ യഥാർത്ഥ മക്കൾ തങ്ങളാണെന്നതിന്റെ പ്രഖ്യാപനം കൂടിയായി മാറി അത്.

മാനവകുലത്തിനു നിത്യതയേ കാനായി ജീവൻ ത്യജിക്കാൻ തയ്യാറായി ഒരുവൻ കടന്നു വരുന്നു. അവനെ ചൂണ്ടി കാട്ടിയവനും അവന്റെ ശിഷ്യരായവരും വധിക്കപ്പെടുന്നു. എന്നിട്ടും അതെല്ലാം വായിച്ചും ധ്യാനിച്ചും നമുക്കിങ്ങനെ സ്വസ്ഥമായിട്ടിരിക്കാം എന്നു ചിന്തിക്കുന്നത് തന്നെ യേശുവിനോടുള്ള കൃതഘ്നതയും അനീതിയുമാണ്. അതിനാൽ, ഓരോ ചുവടിലും, ഓരോ പ്രഘോഷണത്തിലും നിന്ദിക്കപ്പെടാനും, മുറിയപ്പെടാനുമുള്ള സാധ്യതകൾ നാം തേടിക്കൊണ്ടേയിരിക്കണം.

'നന്മയുടെയും നീതിയുടെയും പക്ഷത്തു നിന്നുകൊണ്ടുള്ള ഒരു രക്തസാക്ഷിത്വം ജീവിതത്തിനു കൂടുതൽ അർത്ഥം നൽകുകയുള്ളൂ. എല്ലാം സ്നേഹത്തിലധിഷ്ഠിതമായിരിക്കാൻ ശ്രദ്ധിക്കുക. ഈ വഴിയിലൂടെ ധൈര്യപൂർവം നടന്നു നീങ്ങിയ പലരും അവസാന നിമിഷങ്ങളിൽ പുഞ്ചിരിയോടെയാണ് കടന്നു പോയത്'- ചെഗുവേര

എടുക്കാനും വാഴ്ത്താനും മാത്രമല്ല, മുറിയപ്പെടാനും കൂടിയുള്ളതാണ് ക്രിസ്ത്യാനിയുടെ ജീവിതം. കുടുംബത്തിലും സഭയിലും സമൂഹത്തിലുമുള്ള മനുഷ്യരുടെ സങ്കടങ്ങളെ ഏറ്റെടുക്കാൻ, അവരുടെ സന്തോഷങ്ങൾക്കായി ജീവിതം ഹോമിക്കാൻ, അവരുടെ സ്വപ്നങ്ങൾക്കായി തളർന്നു വീഴുവോളം അദ്ധ്വാനിക്കാൻ, അകന്നു പോയവരെ തിരികെ പിടിക്കാനായി ഏതറ്റം വരെയും അലയാൻ, പ്രശ്നപരിഹാരങ്ങൾക്കായി ആത്മാർത്ഥതയോടെ പരിശ്രമിക്കാൻ, സകലരും ഏറ്റെടുക്കാൻ മടിക്കുന്ന ഉത്തരവാദിത്വങ്ങൾ സ്വാഭീഷ്ടപ്രകാരം നിറവേറ്റാൻ, സത്യത്തിനു വേണ്ടി അവസാനത്തോളം സഹിച്ചു നിൽക്കാൻ നമ്മൾ തയ്യാറായാൽ, ഒരു വീടിന് ഒരു പെസഹാക്കുഞ്ഞാടിനെ വീതം കരുതിവയ്ക്കണം എന്ന, പുറപ്പാട് പുസ്തകത്തിലെ ദൈവേഷ്ടം നമ്മിൽ പൂർണമാകും. മുറിയപ്പെടുമെന്നത് നിസംശയം. പക്ഷേ, രക്ഷ നമ്മിലൂടെ സംജാതമാകുമെന്നത് ഉറപ്പ്.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com